**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.268 20.06.2013 - ൽ മറുപടിക്ക്**

**<u>ദേശീയപാതകൾ ടോളില്ലാതെ വികസിപ്പിക്കാൻ നടപടി</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| **ശ്രീ.വർക്കല കഹാർ**<br>**ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ.സണ്ണി ജോസഫ്**<br>**ശ്രീ.എ.റ്റി.ജോർജ്.** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പമന്ത്രി)** |
| (എ) സംസ്ഥാനത്ത് ദേശീയ പാതകൾ ടോളില്ലാതെ വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;<br><br>(സി) ഇതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;<br><br>(ഡി) ഇതിനായി എന്തെല്ലാം ധനസഹായമാണ് കേന്ദ്രം നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (എ) (ബി) (സി) & (ഡി) കേരളത്തിലെ ദേശീയപാതകളിൽ എൻ.എച്ച്.47 ഉം, എൻ.എച്ച്.17 ഉം നാല്/ആറ് വരിപ്പാതയായി NHDP Phase II & III -ൽ ഉൾപ്പെടുത്തി BOT വ്യവസ്ഥയിൽ വികസിപ്പിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. BOT വ്യവസ്ഥയിൽ പാത വികസിപ്പിക്കുമ്പോൾ ആയതിന്റെ നിർമ്മാണ ചെലവ് ഉപഭോക്താക്കളിൽ നിന്നും ടോൾ മുഖേന ഈടാക്കുന്നുണ്ട്. എന്നാൽ മറ്റ് അഞ്ച് ദേശീയ പാതകളായ എൻ.എച്ച്.49, എൻ.എച്ച്.208, എൻ.എച്ച്.212, എൻ.എച്ച്.213, എൻ.എച്ച്.220 എന്നിവ NHDP Phase IV A -ൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടു വരി പാതയായി വികസിപ്പിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്. നിലവിൽ ഈ റോഡുകളെല്ലാം രണ്ടു വരിപാതയാണ്. |

ഇതിൽ പേവ്ഡ് ഷോൾഡറും മറ്റ് ഗതാഗത സുരക്ഷാ ക്രമീകരണങ്ങളും ഉൾപ്പെടുത്തി റോഡിന്റെ നിലവാരം ഉയർത്തി BOT അടിസ്ഥാനത്തിൽ വികസിപ്പിച്ച് ടോൾ പിരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ കാര്യമായ വികസന പ്രവർത്തനങ്ങൾ നടത്താതെ ടോൾ പിരിക്കുന്നത് കേരളത്തിലെ സാഹചര്യത്തിൽ അഭികാമ്യമല്ലാത്ത തിനാൽ സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന പ്രകാരം NHDP Phase IV – A -ൽ നിന്നും 06.05.2013 -ലെ കേന്ദ്ര സർക്കാരിന്റെ മെമ്മോറാണ്ടം പ്രകാരം ഈ റോഡുകൾ വേർപെടുത്തിയിട്ടുണ്ട്. തുടർന്നുള്ള ഈ ദേശീയപാതകളുടെ വികസന പ്രവൃത്തികൾക്കുള്ള പണം കേന്ദ്രത്തിന്റെ വാർഷിക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തുന്ന താണ്. മേൽ പരാമർശിച്ചിട്ടുള്ള സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിനുള്ള വാർഷിക വിഹിതം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര ത്തിനോട് അപേക്ഷിച്ചിട്ടുണ്ട്. ഈ പാതകൾ എൻ.എച്ചിൽ തന്നെ തുടരുന്നതാണ്.

സെക്ഷൻ ഓഫീസർ